**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോട്ടയം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.സന്ധ്യാറാണി ജി. എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1724/2020 നമ്പർ കേസിലെ 10.02.2021 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 1154/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 16.06.2021

---

പരാമർശം :

1. കോട്ടയം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.സന്ധ്യാറാണി ജി. എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1724/2020 നമ്പർ കേസിലെ 10.02.2021 തീയതിലെ വിധിന്യായം
2. നഗരകാര്യഡയറക്ടറുടെ 05.05.2021 തീയതിയിലെ ഇ 5-18117/2020 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.സന്ധ്യാറാണി ജി. എസ്.-നെ നഗരകാര്യഡയറക്ടറുടെ 3.8.2018-ലെ ഉത്തരവുപ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ഉദ്യോഗക്കയറ്റം നൽകി കോട്ടയം നഗരസഭയിൽ നിയമിച്ചിരുന്നു. തിരുവനന്തപുരം സ്വദേശിയായ തന്റെ ഭർത്താവ് തൈറോയിഡ് ബാധിതനായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിലാണെന്നും, 10.2.2020-വരെ താൻ മെറ്റേണിറ്റി ലീവിലായിരുന്നുവെന്നും ഭർത്താവിന്റെയും, 02.10.2019-ൽ ജനിച്ച ഇളയ കുഞ്ഞിന്റെയും, വിധവയും ആരോഗ്യകാരണങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഭർതൃമാതാവിന്റെയും പരിചരണത്തിനും, 6 വയസ്സുള്ള മൂത്ത കുഞ്ഞിന്റെ വിദ്യാഭ്യാസവും പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി ശ്രീമതി.സന്ധ്യാറാണി ജി. എസ് ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ.നം. 1724/2020 ഫയൽ ചെയ്യുകയുണ്ടായി.

2. ഒ.എ.1724/2020 നമ്പർ കേസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.2.2021 തീയതിയിലെ അന്തിമഉത്തരവ് പ്രകാരം, കോടതി ഉത്തരവ് ലഭിച്ച് 6 ആഴ്ചക്കുള്ളിലും സസ്പെൻഷൻ മുഖേന തിരുവനന്തപുരം നഗരസഭയിൽ ഉണ്ടായ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവ് നികത്തുന്നതിനു മുൻപും ശ്രീമതി സന്ധ്യാറാണി, ശ്രീ.ബിനു. എസ്.ആർ, OA No.57/2021 ഫയൽചെയ്ത ശ്രീ,സോണി വി എന്നിവരെ നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന് ഒന്നാം എതിർകക്ഷിയായ തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി-ക്ക് ബഹു.ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു

3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം കോവിഡ് വ്യാപനപശ്ചാത്തലത്തിൽ കോട്ടയം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

ഗ്രേഡ് I ശ്രീമതി.സന്ധ്യാറാണി ജി. എസ്, തിരുവനന്തപുരം കോർപ്പറേഷനിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ.ബിനു എസ്. ആർ , OA No.57/2021 ഫയൽചെയ്തതും ചങ്ങനാശ്ശേരി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I -ഉം ആയ ശ്രീ,സോണി വി, നഗരകാര്യഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരെ ഓൺലൈൻ പ്ലാറ്റ്ഫോം മുഖാന്തരം 31.3.2021-ൽ രാവിലെ 11.30-ന് തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. കേട്ടിരുന്നു.

4. മേൽ വിഷയം ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ സംബന്ധിച്ച കേസാണ് എന്നും OA No.57/2021 ഫയൽ ചെയ്ത താൻ ഈ കേസിൽ ഉൾപ്പെടുന്നില്ലായെന്നും ശ്രീ,സോണി വി നേരിൽ കേട്ട സമയത്ത് അറിയിച്ചിരുന്നു. ശ്രീമതി.സന്ധ്യാറാണി ജി. എസ് -ന്റെ വാദങ്ങൾ പ്രകാരം ഭർത്താവ് തൈറോയിഡ് ബാധിതനായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിലാണെന്നും, 10.2.2020-വരെ താൻ മെറ്റേണിറ്റി ലീവിലായിരുന്നുവെന്നും ഭർത്താവിന്റെയും 2.10.2019-ൽ ജനിച്ച ഇളയ കുഞ്ഞിന്റെയും പരിചരണത്തിനും 6 വയസ്സുള്ള മൂത്ത കുഞ്ഞിന്റെ വിദ്യാഭ്യാസവും പരിഗണിച്ച് ഇപ്പോൾ തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള സസ്പെൻഷൻ ഒഴിവിലേക്കോ മാനദണ്ഡപ്രകാരമല്ലാതെ സ്ഥലംമാറ്റം ലഭിച്ച ശ്രീ.ബിനു എസ്.ആർ-ന്റെ സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിച്ചോ തിരുവനന്തപുരം ജില്ല യിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാൾ ഹിയറിംഗിൽ അപേക്ഷിച്ചിരുന്നു.

**5.** ശ്രീ.ബിനു എസ്. ആർ-ന്റെ അനുജൻ സൈനിക സേവനത്തിൽ ആയിരിക്കുന്ന വെന്നതിനാൽ ടിയാന്റെ അച്ഛന്റെയും അമ്മയുടെയും സംരക്ഷണം ടിയാനിൽ നിക്ഷിപ്തമായിരുന്നു എന്നും ടിയാന്റെ അച്ഛൻ 2019 മുതൽ രോഗബാധിതനായി കിടപ്പിലായിരുന്നു എന്നും ടിയാന്റെ അമ്മയ്ക്ക് 64 വയസ്സ് ആണ് ഇപ്പോൾ ഉള്ളത് എന്നും അമ്മയുടെ വലത്തേ കണ്ണിൻറെ കാഴ്ച ഏകദേശം 90% നഷ്ടപ്പെട്ടിരിക്കുകയാണ് എന്നും മറ്റ് ആരോഗ്യ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട് എന്നും ടിയാന്റെ അച്ഛൻ മരണപ്പെട്ടു എന്നും ടിയാന്റെ അമ്മയ്ക്ക്, മകന്റെ സംരക്ഷണം ലഭിക്കുന്നതിന്, ഹോം സ്റ്റേഷനായ തിരുവനന്തപുരത്ത് തന്നെ ടിയാൻ നിൽക്കേണ്ടതായിട്ടുണ്ട് എന്നും കഴിഞ്ഞ 10 വർഷമായി ടിയാൻ എറണാകുളം ജില്ലയിലും, കോഴിക്കോട് ജില്ലയിലുമായി സേവനമനുഷ്ഠിക്കുന്നുവെന്നും ടിയാന്റെ അനുജൻ കഴിഞ്ഞ 16 വർഷമായി രാജ്യസേവനത്തിൽ ആണ് എന്നതിനാൽ തികച്ചും നിയമപരമായി ടിയാന് ലഭിച്ച കംപാഷനേറ്റ് ട്രാൻസ്ഫർന്റെ അടിസ്ഥാനത്തിൽ 3/2/2021-ന് കോഴിക്കോട് നഗരസഭയിൽ നിന്ന് തിരുവനന്തപുരം നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും ടിയാൻ അറിയിച്ചിരുന്നു. പരാതിക്കാരി ശ്രീമതി.സന്ധ്യാറാണി ജി. എസ് ജോലിയിൽ(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2)പ്രവേശിച്ച നാൾ മുതൽ(2010)തിരുവനന്തപുരം നഗരസഭയിൽ സേവനമനുഷ്ഠി ക്കുകയും കേവലം കഴിഞ്ഞ രണ്ടര വർഷമായി കോട്ടയം നഗരസഭയിൽ ജോലി നോക്കി വരികയുമാണ് എന്നും പരാതിക്കാരി കഴിഞ്ഞ 18 മാസമായി മെറ്റേണിറ്റി ലീവ്, വർക്ക് അറ്റ് ഹോം എന്നീ നിലകളിൽ ഹോം സ്റ്റേഷനായ തിരുവനന്തപുരത്ത് തന്നെയാണ് നിലകൊണ്ടത് എന്നും തിരുവനന്തപുരം നഗരസഭയിൽ ഒരു വേക്കൻസി കൂടെ നിലനിൽക്കേ പരാതിക്കാരിയുടെ ടിയാനെതിരെയുള്ള ആക്ഷേപം തികച്ചും അടിസ്ഥാന രഹിതമാണെന്നും ടിയാൻ അറിയിച്ചു. സൈനിക സേവനമനുഷ്ഠിക്കുന്ന വ്യക്തിയുടെ ആശ്രിതർക്ക് മുൻഗണന ലഭിക്കണം എന്നുള്ള സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിലും, ടിയാന്റെ അമ്മയുടെ സംരക്ഷണം മുന്നിൽ കണ്ടും ടിയാനെ തിരുവനന്തപുരം നഗരസഭയിൽ തുടരാൻ അനുവദിക്കണമെന്നും, ടിയാൻ ഹിയറിംഗിൽ അപേക്ഷിച്ചിരുന്നു.

6. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ വിവിധനഗരസഭകളിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള 2020-21-ലെ സ്ഥലംമാറ്റത്തിനായി തിരുവനന്തപുരം നഗരസഭയിലേയ്ക്ക് പരിഗണിക്കുന്നതിനായി ശ്രീമതി.സന്ധ്യാറാണി ജി. എസ്, സമർപ്പിച്ച അപേക്ഷയിൽ ഭർത്താവിന്റെ ക്യാൻസർ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ്, കുഞ്ഞിന്റെ ജനനസർട്ടിഫിക്കറ്റ്, മിശ്രവിവാഹസർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുള്ളതാണ്. തുടർന്ന് സ്ഥലംമാറ്റത്തിനുള്ള കരട് ക്യൂലിസ്റ്റിൽ ശ്രീമതി സന്ധ്യാറാണിയുടെ പേര് തിരുവനന്തപുരം നഗരസഭയിലേയ്ക്കുള്ള സ്ഥലംമാറ്റത്തിനായി ഒന്നാമതായി ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് ടിയാളുടെ കുഞ്ഞിന് ഒരു വയസ് കഴിഞ്ഞതിനാൽ ടിയാരിയെ ട്രാൻസ്ഫർ ക്യൂലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തിയതിനെതിരെ മറ്റ് ജീവനക്കാരിൽനിന്ന് ആക്ഷേപങ്ങൾ ലഭിച്ചതിനാൽ ആയത് പരിശോധിച്ച് ക്യൂലിസ്റ്റിലെ കംപാഷണേറ്റ് ഗ്രൗണ്ടിൽ 2ാം സ്ഥാനക്കാരനായ ജീവനക്കാരനു തിരുവനന്തപുരം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതാണ്. നിലവിൽ തിരുവനന്തപുരം നഗരസഭയിൽ സസ്പെൻഷനിലായിരുന്ന ശ്രീമതി.സരിതയെ സസ്പെൻഷൻ പിൻവലിച്ച് അങ്കമാലി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയതുമൂലം ഒരു ഒഴിവ് സംജാതമായിട്ടുള്ളതാണെന്നും ആയതിലേയ്ക്ക് ടിയാരിയുടെ അപേക്ഷ പരിഗണിക്കാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നിലവിൽ തിരുവനന്തപുരം നഗരസഭയിൽ ഒരു ഒഴിവ് സംജാതമായിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി.സന്ധ്യാറാണി ജി. എസ്,-ന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത ഒഴിവിൽ ടിയാരിയ്ക്ക് നിയമനം നൽകുന്നതിന് തുടർനടപടി സ്വീകരിക്കുവാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

8. മേൽപ്രകാരം OA No. 1724/2020 -നമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **10.2.2021**-ലെ അന്തിമവിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.സന്ധ്യാറാണി ജി. എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കോട്ടയം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.ബിനു എസ്.ആർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ,സോണി വി,, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ